# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*95 29.09.2016 ൽ മറുപടിക്ക്**

## മലയോര-തീരദേശ ഹൈവേ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.സി.ജോസഫ്<br>,, സണ്ണി ജോസഫ്<br>,, ഐ.സി.ബാലകൃഷ്ണൻ<br>,, കെ.എസ്.ശബരീനാഥൻ | ശ്രീ ജി സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) മലയോര ഹൈവേ, തീരദേശ ഹൈവേ എന്നീ പദ്ധതികൾ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | എ) കേരളത്തിലെ മലയോര പ്രദേശങ്ങൾ സിറ്റികളുമായി യോജിപ്പിക്കുന്നതിനു വേണ്ടി കാസർഗോഡ് ജില്ലയിലെ നന്ദാരപ്പടവ് മുതൽ തിരുവനന്തപുരം ജില്ലയിലെ കടുക്കറ വരെ നിലവിലുള്ള റോഡ് വികസിപ്പിച്ച് ഹൈവേ ആയി ഉയർത്തുവാനാണ് മലയോര ഹൈവേ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. ഇതിനായി GO(Ms) No.44/09/PWD, dated 06.07.2009 പ്രകാരം 1195 കി മീ ദൈർഘ്യമുള്ള നാറ്റ്പാക്ക് നിർദ്ദേശിച്ച അലൈൻമെന്റിന് അംഗീകാരം നൽകിയിട്ടുണ്ട്. ഇത് പ്രകാരം പ്രസ്തുത പദ്ധതിയുടെ ഓരോ ജില്ലയിലൂടെയും കടന്നു പോകുന്ന പ്രദേശങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**കാസർഗോഡ്:**<br>നന്ദാരപ്പടവ് - പുത്തിഗെ - പെർള - ബദിയഡുക്ക - മുള്ളേരിയ - അത്തിനടി - പാണ്ടി - പടിപ്പ് - ബന്ദഡുക്ക - ഇരഞ്ഞിലംകോട് - കോളിച്ചാൽ - പതിനെട്ടാംമൈൽ - വള്ളിക്കടവ് - ചിറ്റാരിക്കൽ - **ചെറുപുഴ** -110 കി. മി.<br><br>**കണ്ണൂർ:** ചെറുപുഴ -മഞ്ഞക്കാട് -ആലക്കോട് |

കരുവഞ്ചാൽ - താവുക്കുന്ന് - നടുവിൽ - ചെമ്പേരി - പയ്യാവൂർ - ഉളിക്കൽ - വള്ളി ത്തോട് - ആനപ്പന്തി - കരിക്കോട്ടക്കരി - ഏടൂർ - ആറളം - കാപ്പുകടവ് - പെരുമ്പുന്ന മുടപുരച്ചാൽ - മണത്തണ - കൊട്ടിയൂർ - അമ്പായത്തോട് -ബോയ്സ്ടൗൺ-**109 കി.മി.**

**വയനാട്:** ബോയ്സ്ടൗൺ - മാനന്തവാടി - നാലാംമൈൽ - അഞ്ചുകുന്ന് - പനമരം - കൈനാട്ടി - കൽപ്പറ്റ - കാപ്പംകൊല്ലി - മേപ്പാ ടി - ചൂരൽമല - അരുണപ്പുഴ- **96 കി.മീ.**

വയനാട് ജില്ലയിൽ ഈ ഹൈവേ അലൈൻ മെന്റിൽ വരുന്ന ചൂരൽമല മുതൽ അരുണപ്പുഴ വരെയുള്ള ഭാഗത്തെ 2 കി.മി. ദൂരം ഫോറസ്റ്റ് ഏരിയ വരുന്നുണ്ട്.

**കോഴിക്കോട് (Loop road):** വിലങ്ങാട് - കല്ലാച്ചി - കടിയങ്ങാട് - തലയാട് - കോട ഞ്ചേരി - തിരുവമ്പാടി കൂടരഞ്ഞി -കുമ്പാറ - കക്കാടംപൊയിൽ - വെളിയന്തോട് (Loop link) - **110 കി.മി.**

**മലപ്പുറം:** അരുണപ്പുഴ - തമ്പുരാട്ടിക്കല്ല് - പാലുണ്ട - എടക്കര - കരുളായി - മുത്തേടം - പൂക്കോട്ടുപാടം - കാളിക്കാവ - കേരളം - കിഴ ക്കേത്തല(കരുവാരക്കു ണ്ട്)- തരിശു-പുൽവേട്ട - കരിങ്കൽതോണി - പൊൻപാറ - വെളിയ ന്തോട് പൂക്കോട്ടുംപാടം (Loop link) -**101 കി.മി.**

**പാലക്കാട്:** പൊൻപാറ - എടത്തിനാട്ടുകര - കാപ്പുപറമ്പ് - തിരുവിഴാംകുന്ന് - കോട്ടോ പ്പാടം - കുമരംപുത്തൂർ - മണ്ണാർകാട് - പാല ക്കാട് - പുതുനഗരം - കൊല്ലങ്കോട് - നെന്മാറ - വടക്കാഞ്ചേരി - പന്തലംപാടം - **130 കി.മി.**

**തൃശ്ശൂർ:** പന്തലംപാടം - പട്ടിക്കാട് - വിലങ്ങ ന്നൂർ - മന്ദാരമംഗലം - പുലിക്കണ്ണി - പാലിപ്പി ള്ളി -വെള്ളിക്കുളങ്ങര-വെറ്റിലപ്പാല -60 കി. **മി.**

**എറണാകുളം:** വെറ്റിലപ്പാല - അടിവാരം -

കടപ്പാറ - ഇല്ലിത്തോട് - ചെട്ടിനട - പയ്യാൽ - ചേലാട് - ഊഞ്ഞാപ്പാറ - നാടുകാണി - നേര്യ മംഗലം - ആറാംമൈൽ- എളപ്ലാശ്ശേരി **-104കി. മി.**

**ഇ ടുക്കി:** എളപ്ലാശ്ശേരി - കുറത്തിക്കുടി - പെരുമ്പൻകുത്ത് - മാങ്കുളം - കല്ലാർ - ഇരുട്ടു കാനം - ആനച്ചാൽ - രാജാക്കാട് - തിങ്കൾ കാട് - മയിലാടുംപാറ - നെടുങ്കണ്ടം- പുളി യൻമല -കട്ടപ്പന - ഏലപ്പാറ - കുട്ടിക്കാനം - മുണ്ടക്കയം - **166 കി. മി.**

**കോട്ടയം:** മു ണ്ടക്കയം - എരുമേലി - പ്ലാച്ചേരി - **24 കി. മി.**

**പത്ത നം തി ട്ട:** പ്ലാച്ചേരി - റാന്നി - കുമ്പഴ - കോന്നി - പത്തനാപുരം - **46 കി. മി.**

**കൊല്ലം:** പ്ലാച്ചേരി - പത്തനാപുരം - അലി മുക്ക് പുനലൂർടൗൺ - ആലഞ്ചേരി - കുളത്തൂ പ്പുഴ -മടത്തറ - കൊല്ലായിൽ - **64 കി. മി.**

**തിരു വ ന ന്ത പു രം:** കൊല്ലായിൽ - പാലോട് - പെരിങ്ങമ്മല - വിതുര - ആര്യനാട് - കുറ്റി ച്ചൽ -കള്ളിക്കാട് - വാഴിച്ചാൽ - അമ്പൂരി - കുടപ്പനമൂട്- ആനപ്പാറ - വെള്ളറട - കാര ക്കോണം - പാറശ്ശാല (കടുക്കറ) **- 75 കി. മി.**

ഈ പദ്ധതി രണ്ടുഘട്ടങ്ങളിലായി ഏറ്റെടു ക്കാ നാണ് തീരുമാനിച്ചിരിക്കുന്നത്.

1-ാം ഘട്ടം: കാസർഗോഡ് - നന്ദാരപ്പടവ് മുതൽ പാലക്കാട് ടൗൺ വരെയും

2-ാം ഘട്ടം: പാലക്കാട് ടൗൺ മുതൽ തിരുവനന്തപുരം കടുക്കറ വരെയും

തീരദേശ ഹൈവേ പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി എറണാ കുളം ജില്ലയിലെ വൈപ്പിൻ തുടങ്ങി കോഴിക്കോ ട് ജില്ലയിലെ വെങ്ങളം വരെ അവസാനിക്കുന്ന രീതിയിൽ ഏകദേശം 209 കി മീ വരെ ഹൈവേ പദ്ധതിക്കായി കേന്ദ്ര സർക്കാരിന്റെ ഭാരതമാല

പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധി ക്കുന്നതാണ്.

ബി) പ്രസ്തുത പദ്ധതികൾക്കായി ബജറ്റിൽ തുക നീക്കിവച്ചിട്ടുണ്ടോ; ഏതു പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഹൈവേകൾ നിർമ്മിക്കുന്നത്; വിശദമാക്കുമോ;

ബി) മലയോര ഹൈവേ പദ്ധതിക്കായി ബഡ്ജറ്റിൽ **906.10** ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

സി) മലയോര ഹൈവേക്ക് വേണ്ടി നാറ്റ്പാക് നടത്തിയ വിശദമായ പഠന റിപ്പോർട്ട് പ്രകാരം പ്രസ്തുത ഹൈവേ ആകെ എത്ര കിലോമീറ്ററാണെന്നും, ഇതിന്റെ മതിപ്പ് ചെലവ് എത്രയാണെന്നും വെളിപ്പെടുത്തുമോ;

സി) മലയോര ഹൈവേയ്ക്കു വേണ്ടി NATPAC നടത്തിയ പഠന റിപ്പോർട്ട് പ്രകാരം പ്രസ്തുത ഹൈവേയ്ക്ക് ആകെ 1195 കി.മീ. ദൈർഘ്യം വരുന്നുണ്ട്. ഈ പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ ഭാഗമായി കാസറഗോഡ് ജില്ലയിലെ നന്ദാരപ്പടവ് മുതൽ ചെറുപുഴ വരെയുള്ള 33 കി.മി; റോഡിന്റെ രൂപരേഖ തയ്യാറാക്കുകയും ഇത് District Flagship Infrastructure Project ൽ ഉൾപ്പെടുത്തി 135.70 കോടി രൂപയുടെ പ്രവൃത്തിക്കായി GO(Rt)No.7/ 2016/ PWD, dated 20/02/2016 പ്രകാരം ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഇത് കൂടാതെ 1-ാം ഘട്ടത്തിന്റെ ഭാഗമായി വരുന്ന കണ്ണൂർ ജില്ലയിലെ ചെറുപുഴ മുതൽ - വഞ്ചിത്തോട് വരെയുള്ള 59.415 കി.മീ. റോഡ് വികസിപ്പിക്കുന്നതിന് 237.20 കോടി രൂപയുടെ രൂപരേഖ തയ്യാറാക്കുയും അതിന് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തി പുരോഗതിയിലാണ്. ഇത് കൂടാതെ ഹിൽഹൈവേയുടെ അലൈൻമെന്റ് പ്രധാനമായും നിലവിലുള്ള റോഡുകളെ ബന്ധിപ്പിച്ചുകൊണ്ട് പരമാവധി സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. ഇതിൻ പ്രകാരം താഴെ പറയുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

**കണ്ണൂർ ജില്ല:**

വള്ളിത്തോട് മുതൽ കരിക്കോട്ടക്കരി വരെ

(കി.മീ. 64/780 മുതൽ 71/690 വരെ)

995 ലക്ഷം രൂപ

മനത്തനാട്ടുവയൽ മുതൽ അമ്പായത്തോട്

വരെ(കി.മീ. 90/315 മുതൽ 108/550 വരെ)

815 ലക്ഷം രൂപ

കരിക്കോട്ടക്കരി മുതൽ മണത്തോട്ടുവയൽ

വരെ(കി.മീ. 71/690 മുതൽ 90/315 വരെ)

2250 ലക്ഷം രൂപ

**വയനാട് ജില്ല:**

മാനന്തവാടി മുതൽ കൽപ്പറ്റ വരെ (കി.മീ. 24/000 മുതൽ 30/800 വരെയും (കി.മീ. 0/000 മുതൽ 3/700 വരെയും) 1400 ലക്ഷം രൂപ

നാലാംമൈൽ വെള്ളമുണ്ട - നിരവിൽപുഴ കുറ്റ്യാടി റോഡ് (കി.മീ. 6/470 മുതൽ 10/270 വരെ) 300 ലക്ഷം രൂപ

**എറണാകുളം ജില്ല:**

ചേരങ്ങൽ മുതൽ നേര്യമംഗലം വരെ : 32 കി. മീ. 1685 ലക്ഷം രൂപ

ആറാംമൈൽ മുതൽ എളംപ്ളശ്ശേരി വരെ 8കി. മീ 106 ലക്ഷം രൂപ

എളംപ്ളശ്ശേരി മുതൽ ഔർക്കുട്ടി വരെ (കി.മീ. 0/000 മുതൽ 9/880 വരെ) 373 ലക്ഷം രൂപ

എന്നാൽ കാസർഗോഡ്, കണ്ണൂർജില്ലയൊഴികെ Hill Highway alignment വരുന്ന മറ്റ് ജില്ലകളിലെ റോഡുകളിലെ മേജർ പദ്ധതികളുടെ DPR തയ്യാറാക്കേണ്ട തുണ്ട്.

ഡി) തീരദേശഹൈവേ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഡി) വിശദമായ പഠനം നടത്തിയിട്ടില്ല.

സെക്ഷൻ ഓഫീസർ